തിയതി : 20-04-2018

## ഹൈ-ടെക് ഉപകരണങ്ങൾ ക്ലാസ്സ് മുറികളിൽ ഇൻസ്റ്റാൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ.

- **ഹൈടെക് പദ്ധതിയുടെ ഭാഗമായി കൈപ്പറ്റിയ പ്രൊജക്ടറുകൾ 2018 മെയ് 15 ന മുമ്പ്** ക്ലാസ്സ് മുറിയികളിൽ മൗണ്ട് ചെയ്യേണ്ടതുണ്ട്. ഇതിനായി ഒരു ക്ലാസ്സ് മുറിക്ക് പരമാവധി 1000 രൂപയും, പ്രൊജക്ടറിന്റെ ഡിസ്‌പ്ലെ കാണുന്നതിനുള്ള സ്ക്രീൻ അനുവദിക്കാത്ത സ്കൂളുകൾക്ക് ഭിത്തി പെയ്ന്റ് ചെയ്ത് തയാറാക്കുന്നതിന് ഒരു ക്ലാസ്സ് മുറിക്ക് പരമാവധി 1500 രൂപയും, കൈറ്റിൽ നിന്ന് അനുവദിക്കുന്നതാണ്.
- പ്രൊജക്ടർ മൗണ്ട്ചെയ്യുന്നതിനുള്ള മൗണ്ടിങ് കിറ്റ് സീലിങിൽ ഉറപ്പിക്കുന്നതിന് വിദഗ്ധനായ ഒരു ഇലക്ട്രീഷ്യന്റെ സേവനം തേടേണ്ടതാണ്. ഉപകരണം ഉറപ്പിക്കുന്നതിന് സഹായകമായ ഒരു വീഡിയോ താഴെ പറയുന്ന ലിങ്കിൽ നൽകിയിട്ടുണ്ട്.

**Click to See The Video**
**or**
**www.youtube.com/watch?v=hf41fuEFiz4**

- സ്കൂൾ അധികൃതരും, ഇലക്ട്രീഷ്യനും ഈ വീഡിയോ പൂർണ്ണമായും കണ്ടിരിക്കണം. അതിൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് പ്രോജക്ടർ സീലിങിൽ ഉറപ്പിക്കേണ്ടത്. കൈറ്റ് അധികൃതർ സ്കൂളിൽവന്ന് ഇത് പരിശോധിക്കുന്നതാണ്. പ്രൊജക്ടർ മൗണ്ട് ചെയ്തിരിക്കുന്നത് ശരിയായരീതിയിലല്ലെങ്കിൽ സ്കൂളിന്റെ സ്വന്തം ചെലവിൽ ഇത് മാറ്റി സ്ഥാപിക്കണം.
- പ്രൊജക്ടറിന്റെ ഡിസ്‌പ്ലെ കാണുന്നതിന് സ്ക്രീൻ / പെയ്ന്റ് ചെയ്ത ഭിത്തി മാനദണ്ഡപ്രകാരം തയാറാക്കണം
- ലാപ്‌ടോപ്പുകൾ ക്ലാസ്സ്മുറിയിലെ ഷെൽഫിൽ സൂക്ഷിച്ചിരിക്കണം.
- പ്രോജക്ടർ മൗണ്ട് ചെയ്യുന്നതിനും ഭിത്തി പെയ്ന്റ് ചെയ്യുന്നതിനുമുള്ള ഉ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കണം. survey.itschool.gov.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് ഓൺലൈനായി വേണം സമർപ്പിക്കാൻ. വെബ്സൈറ്റിൽ പ്രവേശിക്കുന്നതിന് സ്കൂളിൽ നിന്ന് ഹൈടെക് ക്ലാസ്സമുറികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയ അതേ യൂസർ നാമവും പാസ്സവേഡും ഉപയോഗിച്ചാൽ മതി (ഉടൻ തന്നെ ആക്റ്റീവ് ആകും).

- വെബ്സൈറ്റിൽ നൽകിയിട്ടുള്ള "മൗണ്ടിങ് കിറ്റിന്റെ ഇൻസ്റ്റലേഷനും ഭിത്തി പെയ്ന്റിങ്ങിനും ഉള്ള തുക അനുവദിക്കുന്നതിനുള്ള അപേക്ഷ" എന്ന ലിങ്കിൽ പ്രവേശിച്ച് ആവശ്യമുള്ള തുക രേഖപ്പെടുത്തി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകുക. ഹൈസ്കൂളുകൾ ഐ.ടി അഡ്വൈസറി കൗൺസിൽ അക്കൗണ്ടിന്റെ വിവരങ്ങളും ഐ.ടി അഡ്വൈസറി കൗണ്ടസിൽ അക്കൗണ്ട് ഇല്ലാത്ത ഹയർ സെക്കണ്ടറി / വൊക്കേഷനൽ ഹയർസെക്കണ്ടറി സ്കൂളുകൾ പ്രിൻസിപ്പാളിന്റെ പേരിലുള്ള അക്കൗണ്ടിന്റെ വിവരങ്ങളുമാണ് നൽകേണ്ടത്.




Kerala Infrastructure and Technology for Education
District Office, Thrissur
KITE

തുടർന്ന് വിവരങ്ങൾ സേവ് ചെയ്യുക.

ജില്ലാകോർഡിനേറ്റർ
കൈറ്റ്, തൃശ്ശൂർ

പകർപ്പ് :

1. എല്ലാ ഹൈസ്കൂൾ പ്രധാനാധ്യാപകർക്കും
2. എല്ലാ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാർക്കും
3. വിദ്യാഭ്യാസ ഉപഡയരക്ടർ തൃശ്ശൂർ
4. ജില്ലാ വിദ്യാഭ്യാസ ആഫീസർ - തൃശ്ശൂർ, ഇരിങ്ങാലക്കുട, ചാവക്കാട്